**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ പരിശോധനകൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷാ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ്, IEC പ്രവർത്തനങ്ങൾ എന്നിവ കൂടാതെ പൊതുജനങ്ങളുൾപ്പെടെ വിവിധ മേഖലകളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കും FoSTaC പരിശീലനം വകുപ്പ് നൽകിവരുന്നു. 2022-23 കാലഘട്ടത്തിൽ National Food Safety Index ൽ ഒന്നാം സ്ഥാനവും സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് നേടിയിട്ടുണ്ട്. പൊതു വിപണിയിൽ ലഭ്യമാകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2024 മാർച്ച് വരെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 182394 പരിശോധനകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ടി പരിശോധനകളിൽ 2021-22 കാലയളവിൽ 7241 പരിശോധനകൾ FoCoS പോർട്ടൽ മുഖേനയാണ് നടത്തിയിട്ടുള്ളത്. 2022-23 കാലയളവിൽ 20901 പരിശോധനകളും, 2023-24 കാലയളവിൽ നടത്തിയ മുഴുവൻ പരി ശോധനകളും FoCoS പോർട്ടലിൽ ചേർത്തിട്ടുണ്ട്. ഇത്തരം പരിശോധനകളുടെ ഭാഗമായി 26646 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 71689 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. ഇത്തരത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂ ട്ടറി സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ ശാസ്ത്രീയ പരിശോധയിൽ 2033 സാമ്പിളുകൾ Unsafe ആയും 969 സാമ്പിളുകൾ Substandard ആയും 1016 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ഇപ്രകാരം Non conforming ആയി റിപ്പോർട്ട് ലഭിച്ച സാമ്പിളുകളിൽ നിയമാനുസൃത പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. മാത്രവുമല്ല പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിയ്ക്കാതിരുന്ന 22171 സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസും, 1425 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസും 17450 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും, 73941078/- **രൂപ (ഏഴ് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി എഴുപത്തി എട്ട് രൂപ മാത്രം)** പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

<table>
<tr><td>(ബി)</td><td>കഴിഞ്ഞ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഉണ്ടായിട്ടുള്ള പുരോഗതി പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;</td><td>(ബി)</td><td>2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് നടത്തിയ ഭക്ഷ്യ സുരക്ഷാ പരിശോധനകളുടെ വിവരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.<br>
<table>
<tr><td>വർഷം</td><td>2021-22</td><td>2022-23</td><td>2023-24</td></tr>
<tr><td>നടത്തിയ പരിശോധനകൾ</td><td>41308</td><td>75654</td><td>65432</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രസ്തുത കാലയളവിൽ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെയും സർവൈലൻസ് സാമ്പിളുകളുടെയും പരിശോധനകളുടെ വിശദാംശം വെളിപ്പെടുത്താമോ;</td><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ വകുപ്പ് വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെയും സർവ്വയിലൻസ് സാമ്പിളുകളുടെയും പരിശോധനാ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.<br>
<table>
<tr><td>വർഷം</td><td>2021-22</td><td>2022-23</td><td>2023-24</td></tr>
<tr><td>നടത്തിയ പരിശോധനകൾ</td><td>41308</td><td>75654</td><td>65432</td></tr>
<tr><td>ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിൾ</td><td>7890</td><td>8290</td><td>10466</td></tr>
<tr><td>ശേഖരിച്ച സർവ്വയിലൻസ് സാമ്പിൾ</td><td>10008</td><td>23918</td><td>37763</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നിയമലംഘനങ്ങൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം പാലിക്കാതിരുന്ന 2721 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും 1977 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയും 79633078/- രൂപ (ഏഴ് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി മുപ്പത്തി മൂവായിരത്തി എഴുപത്തി എട്ട് രൂപ) പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ